**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീ. സുരേഷ് കുമാർ. എം.സി.യെ എറണാകുളം ജില്ലാപഞ്ചായത്ത് ഓഫീസിലെ നിലവിലെ പുനർവിന്യാസ ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3240/2018/ തസ്വഭവ തിരുവനന്തപുരം, തീയതി, 24.12.2018**

---

പരാമർശം: 1) സ.ഉ(സാധാ) നം.1091/2017/ കൃഷി തീയതി. 8.11.2017

2) സ.ഉ.(സാധാ) നം.714/2018/ തസ്വഭവ തീയതി, 02.05.2018.

3) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.06.2018 ലെ എസ്.എ(4)9462/2017(1) നം കത്ത്

4) പഞ്ചായത്ത് ഡയറക്ടറുടെ 13.12.2018 ലെ പി.എ.എൻ/21103/2018-ഇ 9(ഡിപി) നം കത്ത്

**ഉത്തരവ്**

പുനർവിന്യാസം മുഖേന അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ ജോലിചെയ്തിരുന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീമതി.കുമാരി ഉഷാനായരെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം അതേവകുപ്പിലെ ക്ലാർക്കായ ശ്രീ.സുരേഷ് കുമാർ എം.സി യെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ശ്രീമതി. ഉഷാനായർ 2018 ജൂൺ 30 ന് സർവ്വീസിൽ നിന്നും വിരമിക്കേണ്ട സാഹചര്യം വന്നതിനാൽ ടിയാനെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ട് ഉത്തരവായിരുന്നു.

ശ്രീ. സുരേഷ് കുമാർ എം.സി പുനർവിന്യസിക്കുന്നതിനായി ഓപ്ഷൻ സമർപ്പിച്ച എറണാകുളം ജില്ലാപഞ്ചായത്തിൽ ഒഴിവുള്ളതായി പരാമർശം (4) ലെ കത്ത് മുഖേന പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീ സുരേഷ് കുമാർ. എം സി യെ എറണാകുളം ജില്ലാപഞ്ചായത്തിലെ നിലവിലെ പുനർവിന്യാസ ഒഴിവിലേക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, എറണാകുളം

ശ്രീ. സുരേഷ് കുമാർ.എം.സി, കാർഷിക വികസന കർഷക ക്ഷേമവകുപ്പ്(വകുപ്പ് മേധാവി മുഖേന)

കൃഷി വകുപ്പ്

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ